S001 | CO

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,

ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

നമ്പർ_S001/GL7/**63**/2025/ADM-KSRTC/HQ. തീയതി : 29-10-2025.

മെമ്മോറാണ്ടം

വിഷയം:- കാൻസർ രോഗികൾക്ക് കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നത് സംബന്ധിച്ച്–

...

കാൻസർ രോഗികൾക്ക് സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും കീമോതെറാപ്പി, റേഡിയേഷൻ ചികിത്സാവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.റ്റി.സി.യുടെ ഓർഡിനറി മുതൽ സൂപ്പർ ഫാസ്റ്റ് വരെയുള്ള എല്ലാ ബസ്സുകളിലും സൗജന്യ യാത്ര അനുവദിച്ച് ഉത്തരവാകുന്നു.

നിർദ്ദേശങ്ങൾ.

1. https://keralartcit.com/ എന്ന ഔദ്യോഗിക പോർട്ടലിലൂടെ മാത്രം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

2. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ (JPG, PNG, PDF ഫോർമാറ്റിൽ) അപ്‌ലോഡ് ചെയ്യേണ്ടതാണ്. :

(a) പാസ്പോർട്ട് സൈസ് ഫോട്ടോ

(b) ആധാർ കാർഡിന്റെ കോപ്പി

(c) നിലവിലെ മേൽവിലാസം തെളിയിക്കുന്ന രേഖ (ആധാർ കാർഡിലെ മേൽവിലാസവുമായി വ്യത്യാസമുള്ള പക്ഷം)

(d) ഓങ്കോളജിസ്റ്റ് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുള്ള മാതൃകയിൽ)

3. സമർപ്പിക്കുന്ന എല്ലാ രേഖകളും വ്യക്തവും, സാധുതയുള്ളതും, നിർദ്ദിഷ്ട ഫയൽ ഫോർമാറ്റിലുമായിരിക്കണം.

4. അപേക്ഷകൻ നൽകിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്നു പിന്നീട് ബോധ്യപെടുന്നപക്ഷം കാർഡ് റദ്ദ് ചെയ്യുന്നതും നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്

5. അപേക്ഷ പരിശോധിച്ച് അംഗീകാരം ലഭ്യമാക്കി, ചീഫ് ഓഫീസിൽ നിന്നും RFID യാത്രാ കാർഡ് ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർ മുഖേന അപേക്ഷകന്റെ വീടുകളിൽ എത്തിക്കുന്നതാണ്. RFID കാർഡ് അപേക്ഷകന് നൽകിയെന്നും, അപേക്ഷകന്റെ കൈപറ്റ് രസീത് വാങ്ങി ചീഫ് ഓഫീസിൽ എത്തിച്ചുവെന്നും യൂണിറ്റധികാരി ഉറപ്പുവരുത്തേണ്ടതാണ്.

...

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

യൂണിറ്റ് അധികാരികൾക്ക് – കോർപ്പറേഷന്റെ നോട്ടീസ് ബോർഡിൽ ടി മെമ്മോറാണ്ടത്തിന്റെ പകർപ്പ് പ്രദർശിപ്പിക്കേണ്ടതാണ്.

പകർപ്പ്: ചീഫ് ഓഫീസിലെ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ / കരുതൽ ഫയൽ.

.asm/~